പറമ്പിക്കുളം പക്ഷിസങ്കേതം

65 [3319] *ശ്രീ. തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കുകിഴക്കൻ ഏഷ്യയിലെ ഏറ്റവും വലിയ വന്യജീവി സങ്കേതമായ പറമ്പിക്കുളത്ത് ഇപ്പോൾ പക്ഷിഗവേഷണം നടക്കുന്നുണ്ടോ;

(ബി) ഇവിടുത്തെ അത്യപൂർവ്വമായ പക്ഷികളെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പറമ്പിക്കുളം പക്ഷിസങ്കേതത്തിന് അർഹിക്കുന്ന പരിഗണന നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം, തെക്കുകിഴക്കൻ ഏഷ്യയിലെ ഏറ്റവും വലിയ വന്യജീവി സങ്കേതമല്ല. ഇവിടെ പക്ഷി ഗവേഷണപദ്ധതികളൊന്നും നിലവിലില്ലെങ്കിലും പക്ഷി നിരീക്ഷണം നടന്നുവരുന്നുണ്ട്.

(ബി) ഇവിടുത്തെ നീർപക്ഷികളുടെയും ചതുപ്പുനിലങ്ങളിലെ പക്ഷികളുടെയും ആവാസവ്യവസ്ഥ പരിപോഷിപ്പിക്കുന്നതിനും അവയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തി, അതുപ്രകാരം നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(സി) പറമ്പിക്കുളം വന്യമൃഗസംരക്ഷണത്തിന് അർഹിക്കുന്ന പരിഗണന നൽകിവരുന്നുണ്ട്.

ശാസ്താംകോട്ട

66 [3320] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. സി. പി. മുഹമ്മദ്:
,, ജോർജ്ജ് ജെ. മാത്യു:
,, എം. എം. ഹസ്സൻ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട തടാകത്തിനുചുറ്റും ദേശാടനക്കിളികൾ വരുന്ന പതിവ് മുമ്പുണ്ടായിരുന്നോ;

(ബി) ഇപ്പോൾ അവ വരുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായിരുന്നു

(ബി) ഇപ്പോഴും വരുന്നുണ്ട്.

ട്രൗട്ട് മത്സ്യങ്ങളുടെ സംരക്ഷണം

67 [3321] *ശ്രീ. വി. ഡി. സതീശൻ:*
" *കെ. സി. ജോസഫ്:*
" *കെ. മോഹൻകുമാർ:*
" *പി. ജെ. ജോയി:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും നദിയുടെ വനത്തിനുള്ളിലുള്ള ഉത്ഭവ സ്ഥാനത്തോ തുടർന്നുള്ള ഭാഗങ്ങളിലോ ട്രൗട്ട് മത്സ്യങ്ങൾ വളരുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഇവയുടെ സുരക്ഷിതത്വത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇരവികുളം നാഷണൽ പാർക്കിലെ അരുവിയിൽ.

(ബി) നാഷണൽ പാർക്കിന്റെ കോർ ഏരിയയിൽ സ്ഥിതി ചെയ്യുന്നതിനാൽ വന്യജീവി സംരക്ഷണത്തിന്റെ എല്ലാ പരിരക്ഷയും നൽകിവരുന്നു.

കണ്ണൂർ ജില്ലയിലെ പ്രകൃതിപഠനകേന്ദ്രം

68 [3322] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രകൃതിപഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കണ്ണൂർ ജില്ലയിലെ പ്രകൃതിപഠനകേന്ദ്രങ്ങളുടെ പേരു വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) കണ്ണൂർ ജില്ലയിലെ പൊയിലൂരിലുള്ള പി. ആർ. കുറുപ്പ് സ്മാരക പ്രകൃതിപഠനകേന്ദ്രത്തിന്റെ പുനരുദ്ധാരണ നടപടിക്കായി വനം വകുപ്പിന്റെ 1806/ഇ3/2005 നമ്പർ കത്തുപ്രകാരം നൽകിയ മറുപടിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly